


# തെരഞ്ഞെടുപ്പിനുള്ളിലെ ദൗത്യം

**നിയമാ. 31: 1 – 8, ഏശയ്യാ 41: 8 – 16, ഫിലി. 3: 4 – 16, മർക്കോ. 3: 7 – 19**

ബ്ര. ജോബി താന്നിപ്പള്ളി MCBS

Vol. 12, Issue: 34

**ഓ**രോ തെരഞ്ഞെടുപ്പിന്റെ പിന്നിലും ഒരോ പ്രത്യേക ദൗത്യമുണ്ട്. പഴയനിയമത്തിൽ ഇസ്രായേൽ തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. അത് ദൈവവുമായി ഉടമ്പടിയിലൂടെ ദൈവത്തിന്റെ സ്വന്തജനമായിത്തീർന്ന് സത്യദൈവത്തെ ആരാധിക്കാൻ വേണ്ടിയായിരുന്നു. അവർ അനുഭവിച്ച ദൈവത്തെ വിജാതീയരുടെ ഇടയിൽ സാക്ഷ്യപ്പെടുത്താനും അതുവഴിയായി ദൈവം മഹത്വപ്പെടാനും ഇടയാകണം. ഇപ്രകാരമൊരു മഹത്തായ ദൗത്യത്തിനു വേണ്ടിയായിരുന്നു ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്. പുതിയനിയമത്തിൽ തന്റെ ദൈവികമായ ദൗത്യം ലോകാവസാനത്തോളം തുടരുന്നതിനായി തന്റെ സജീവസാക്ഷികളാകാനാണ് ഈശോ ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നത്.

മാമ്മോദീസായിലൂടെ സ്വായത്തമാക്കിയതും പരിശുദ്ധാത്മാവിനാൽ വെളിപ്പെട്ടതുമായ വിശ്വാസസത്യങ്ങൾക്കനുസൃതമായി സാക്ഷ്യജീവിതം നയിക്കാൻ സഭാമാതാവ് ഈ ദനഹാക്കാലത്തിൽ നമ്മോട് ആവശ്യപ്പെടുമ്പോൾ ഇന്നേ ദിവസം തിരുസഭ നമുക്കു നൽകുന്ന വചനഭാഗം മർക്കോ. 3:7-19 വരെയുള്ള വാക്യങ്ങളാണ്.

"തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു" എന്നു പറയുമ്പോൾ, ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം 'തെലോ' (Thelo) എന്ന ക്രിയയാണ്. ഇതിന് ശിഷ്യന്മാരുടെ ഏതെങ്കിലും ഗുണവിശേഷത്തിലുള്ള സന്തോഷം എന്ന അർത്ഥമില്ല. മറിച്ച് 'ആവശ്യമുള്ളവരെ' എന്ന അർത്ഥമാണുള്ളത്. തന്റെ ശിഷ്യന്മാരിൽ ചിലരെ ചില പ്രത്യേക ദൗത്യം നിർവ്വഹിക്കാൻ തനിക്ക് ആവശ്യമുള്ളതുകൊണ്ട് ഈശോ അവരെ തെരഞ്ഞെടുത്തുവെന്നാണ് ഇവിടെ അർത്ഥം. നമ്മളും പൗരോഹിത്യ ശുശ്രൂഷക്കായി പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരാണ്. നമ്മുടെ വിളിയുടെ മാനദണ്ഡം വിദ്യാഭ്യാസയോഗ്യതയോ, സാംസ്കാരിക ഔന്നത്യമോ, സാമ്പത്തികപശ്ചാത്തലമോ, ധാർമ്മിക നിലവാരമോ ഒന്നുമല്ല. ഈ തെരഞ്ഞെടുപ്പിന്റെ കാരണം തെരഞ്ഞെടുക്കപ്പെടുന്നവന്റെ നന്മയല്ല, മറിച്ച് തെരഞ്ഞെടുക്കുന്നവന്റെ നന്മ മാത്രമാണ്.

മർക്കോ. 6: 14-15 വാക്യങ്ങളിൽ, എന്തിനു വേണ്ടിയിട്ടാണ് ഈശോ തന്റെ ശിഷ്യരെ വിളിച്ചതെന്നു വ്യക്തമാക്കുന്നു. തന്നോടു കൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനും. മർക്കോ. 6: 7-ാം വാക്യത്തിൽ ഈശോ, പന്ത്രണ്ടു പേരെ അയക്കുമ്പോൾ പിശാചുക്കളെ പുറത്താക്കാനുള്ള അധികാരവും നൽകുന്നുണ്ട്. അതുകൊണ്ട് ഈശോ

പന്ത്രണ്ടു പേർക്ക് നൽകുന്ന ദൗത്യം ഒരേ സമയത്ത് നിറവേറാനുള്ളതാണ്. ഇതിന് യഥാർത്ഥത്തിൽ രണ്ടു കാര്യങ്ങളാണുള്ളത്.

(1) ഈശോയോടു കൂടെ ആയിരിക്കുക
(2) ഈശോയാൽ അയയ്ക്കപ്പെടുക

ഈ അയക്കപ്പെടലിലുള്ള രണ്ട് അംശങ്ങളാണ് സുവിശേഷം പ്രഘോഷിക്കുക എന്നതും പിശാചുക്കളെ പുറത്താക്കുക എന്നതും.

എങ്ങനെയാണ് ഈശോയോടു കൂടെ ആയിരിക്കാനും അതേ സമയം അയക്കപ്പെടാനും സാധിക്കുക? ശാരീരികസാന്നിധ്യം കൊണ്ടു മാത്രമല്ല, അയക്കപ്പെടുമ്പോഴും തുടരാൻ കഴിയുന്ന ആത്മീയസാന്നിധ്യവും കൊണ്ട് ഈശോയോടു കൂടെയായിരിക്കാൻ സാധിക്കുമെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. ഈശോയോടു കൂടെ വസിക്കുക എന്നതാണ് അയക്കപ്പെടുന്നതിനെ അർത്ഥവത്താക്കുന്നത്. സമീപപ്രദേശങ്ങളിലേക്കും വിദൂരങ്ങളിലേക്കും സ്നേഹിതരുടെ അടുക്കലേക്കും ശത്രുക്കളുടെയും വിവിധ ഭാഷകൾ സംസാരിക്കുന്നവരുടെയും ഇടയിലേക്കുമുള്ള അയക്കപ്പെടൽ അർത്ഥവത്താകുന്നത് ഈശോയോടു ചേർന്നിരിക്കുന്നുവെന്നതാണ്.

ദൈവം തെരഞ്ഞെടുക്കുന്നവനെ ശക്തിപ്പെടുത്താനായി അവിടുന്ന് കൂടെയുണ്ടായിരിക്കുമെന്ന സന്ദേശമാണ് ഇന്നത്തെ പഴയനിയമ വായനകൾ നൽകുന്നത്. കൂടെയായിരുന്ന് പരിപാലിക്കുന്ന ദൈവത്തെയാണ് നിയമാവർത്ത പുസ്തകത്തിൽ നിന്നുള്ള ഒന്നാം വായന കാണിച്ചുതരുന്നത്. ഇസ്രായേലിനെ തുടർന്നു നയിക്കാൻ തന്റെ പിൻഗാമിയായി മോശ ജോഷ്വായെ വിളിച്ചു നിയോഗിക്കുന്നത് ഈ വാക്കുകളിലൂടെയാണ്. നിയമാ. 31:8, ''കർത്താവാണ് നിന്റെ മുമ്പിൽ പോകുന്നത്. അവിടുന്ന് നിന്നോടു കൂടെ ഉണ്ടായിരിക്കും.'' ഇസ്രായേലിന്റെ ശക്തിയും സംരക്ഷണവുമായി ദൈവം എപ്പോഴും കൂടെയുണ്ടെന്ന് രണ്ടാം വായനയിലൂടെ ഏശയ്യാ പ്രവാചകൻ ഉറപ്പു നൽകുന്നു. ഏശയ്യാ 41:13, ''നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതു കൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത്, ഭയപ്പെടേണ്ട; ഞാൻ നിന്നെ സഹായിക്കും.'' ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനു വേണ്ടി പ്രയാണം ചെയ്യുന്ന മനോഭാവത്തോടെ വേണം അയക്കപ്പെടുന്ന വ്യക്തി ശുശ്രൂഷ ചെയ്യേണ്ടതെന്ന് വി. പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. നേടിയെടുത്തതിനെ മുറുകെപ്പിടിച്ചു കൊണ്ടു തന്നെയുള്ള പ്രവർത്തനമാണ് അയക്കപ്പെടുന്നവനിൽ നിന്ന് പ്രതീക്ഷിക്കുന്നത്. മിശിഹാനുഭവമാണ് അയക്കപ്പെടുന്ന വ്യക്തി എപ്പോഴും മുറുകെപ്പിടിക്കേണ്ട യാഥാർത്ഥ്യവും.

തെരഞ്ഞെടുത്തവർക്ക് അവിടുന്ന് പൂർത്തിയാക്കാൻ ദൗത്യം നൽകുന്നു. പിതാവ് തന്നെ ഏൽപിച്ച ദൗത്യം തുടരാനുള്ള മഹനീയ യോഗമാണ് ഈശോ ശിഷ്യർക്ക് കൈമാറുന്നത്. ശിഷ്യരുടെ നിയോഗം ഗുരുവിന്റെ നിയോഗത്തിൽ നിന്ന് വ്യത്യസ്തമല്ല എന്നതാണ് ശ്രേഷ്ഠമായ കാര്യം. അയക്കപ്പെടുന്നതിനു മുമ്പ് ഈശോ നൽകുന്ന ദൗത്യം പന്ത്രണ്ടു ശിഷ്യന്മാരെ ഓർത്ത് മാത്രമുള്ളതൊന്നുമല്ല. മറിച്ച് അയക്കപ്പെടാനായി വിളിക്കപ്പെട്ടിരിക്കുന്ന നമുക്കും വേണ്ടിക്കൂടിയാണ്. നമ്മുടെ പ്രഭാഷണത്തിന്റെ പ്രധാന പ്രമേയം സ്വർഗ്ഗരാജ്യമാകണം. അധരങ്ങളിൽ ആശംസയുടെ നിറവുണ്ടാകണം. ജീവിതനഷ്ടങ്ങളുടെ കണക്കുപുസ്തകമായിത്തീർന്നവരോട് പ്രത്യേക അനുകമ്പയുണ്ടാകണം. നമ്മുടെ ശരീരഭാഷയും ജീവിതശൈലിയും ലളിതമാകുമ്പോൾ മാത്രമാണ് സുവിശേഷസന്ദേശം അർത്ഥപൂർണ്ണമായി കൈമാറാനാകുന്നത്. ദൈവസാന്നിധ്യസ്മരണ പുലർത്തി സ്വരുക്കൂട്ടലുകളും അമിതഭാരവുമില്ലാതെ ലളിതമായ വഴികളിൽ നടന്നുനീങ്ങുന്നവർക്കു മാത്രമേ സുവിശേഷത്തിന്റെ സുകൃതം - കാതലായ ദൈവാശ്രയബോധമെന്ന സുകൃതം കൈമാറാൻ സാധിക്കൂ എന്ന് നമുക്ക് തിരിച്ചറിയാം.

പ്രിയ സഹോദരങ്ങളേ, ഈശോ തന്റെ ദൗത്യനിർവ്വഹണത്തിലൂടെ സ്വയം വെളിപ്പെടുത്തിയതിനെ അനുസ്മരിക്കുന്ന ഈ ദനഹാക്കാലത്തിൽ സന്യാസ-പൗരോഹിത്യജീവിതത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നമുക്കും തന്നോടു കൂടെ ആയിരിക്കുക, സുവിശേഷം പ്രസംഗിക്കുക എന്നീ ദൗത്യങ്ങളിലൂടെ ഈശോയെ ഈ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കാൻ ഉത്തരവാദിത്വവും കടമയുമുണ്ട്. അതുപോലെ ഈ ദൗത്യനിർവ്വഹണത്തിന്റെ ശക്തിസ്രോതസ്സ് വിശുദ്ധ കുർബാനയാണ്. ഈ കുർബാന അനുഭവമായിരിക്കണം നമ്മെ മുന്നോട്ടു നയിക്കേണ്ടത്. അതുകൊണ്ട് ഈ വിശുദ്ധ കുർബാനയിൽ നമുക്കു പ്രാർത്ഥിക്കാം. ഈശോയേ, അങ്ങയോടൊപ്പമായിരിക്കുന്നതിന്റെ ആത്മീയസന്തോഷം അനുഭവിക്കാനും അങ്ങു പഠിപ്പിച്ച കാര്യങ്ങൾ പ്രസംഗിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ, ആമ്മേൻ.